# Malayala Manorama

## 28 August 2018

## Thiruvananthapuram, Flood, Strong Stand against LDF Government, UDF

# പ്രളയം: സർക്കാരിനെതിരെ ആഞ്ഞടിക്കാൻ യുഡിഎഫ്

**ദുരിതാശ്വാസത്തിലും വൻ പരാജയം; മൂന്നു മന്ത്രിമാർക്കു ഗുരുതര വീഴ്ച പറ്റി**

**മനോരമ ലേഖകൻ**

തിരുവനന്തപുരം● പ്രളയത്തിനു വഴിവയ്ക്കുകയും അതിനുശേഷം ദുരിതാശ്വാസത്തിൽ പരാജയപ്പെടുകയും ചെയ്തുവെന്ന് ആരോപിച്ചുകൊണ്ട് എൽഡിഎഫ് സർക്കാരിനെതിരെ ശക്തമായി തിരിയാൻ യുഡിഎഫ് നേതൃയോഗം തീരുമാനിച്ചു. സർക്കാരിനെതിരെ കടുത്ത വികാരം യോഗത്തിലുണ്ടായി. മഴ മൂലമുള്ള വെള്ളപ്പൊക്കം അതിപ്രളയമായി മാറ്റി കേരളത്തെ ദുരന്തത്തിലേക്കു തള്ളിവിടുകയായിരുന്നു സർക്കാരെന്നു യോഗം വിലയിരുത്തി.

ഒരു മാനേജ്മെന്റുമില്ലാതെ അണക്കെട്ടുകൾ കൂട്ടത്തോടെ തുറന്നുവിട്ടതാണു പ്രളയദുരന്തത്തിനു കാരണമെന്നു യോഗത്തിനു ശേഷം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഇക്കാര്യം ഹൈക്കോടതി ജഡ്ജി അന്വേഷിക്കണം. അണക്കെട്ടു തുറക്കുന്നതുമായി ബന്ധപ്പെട്ടു കേന്ദ്ര ജല കമ്മിഷന്റെ ഒരു നിർദേശവും പാലിച്ചില്ല. പല ഡാമും രാത്രിയിലാണു തുറന്നത്.

നേതാക്കളായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം.മാണി, പി.പി. തങ്കച്ചൻ, എൻ.കെ. പ്രേമചന്ദ്രൻ, ജോണി നെല്ലൂർ, സി.പി. ജോൺ, വി. രാംമോഹൻ എന്നിവരും യോഗതീരുമാനങ്ങൾ വിശദീകരിക്കാനെത്തി. നിലവിലെ പ്രത്യേക സാഹചര്യത്തിൽ പ്രക്ഷോഭങ്ങളിലേക്കു കടക്കില്ല. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കെതിരെ കഴിഞ്ഞ യുഡിഎഫ് യോഗം തീരുമാനിച്ച സമരപരിപാടികൾ നീട്ടിവച്ചു.

റവന്യു, ജലവിഭവം, വൈദ്യുതി മന്ത്രിമാർക്കു കടുത്ത വീഴ്ചയാണുണ്ടായെന്നു നേതാക്കൾ പറഞ്ഞു. സർക്കാർ സംവിധാനം പൂർണമായും പരാജയപ്പെട്ടുവെന്നു പി.കെ. കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു. കാർഷികകടങ്ങൾ എഴുതിത്തള്ളാൻ അടിയന്തര നടപടിയുണ്ടാകണമെന്നു കെ.എം. മാണി നിർദേശിച്ചു. അണക്കെട്ടുകളിലെ യഥാർഥ സ്ഥിതി മുഖ്യമന്ത്രിയെ ധരിപ്പിക്കാൻ ഭയം മൂലം മന്ത്രിമാർക്കു കഴിഞ്ഞില്ലെന്നു കരുതേണ്ടിവരുമെന്ന് എൻ.കെ. പ്രേമചന്ദ്രൻ പറഞ്ഞു. ഇത്രയും വലിയ കെടുതി ഉണ്ടായിട്ടും മുഖ്യമന്ത്രിയുടെ ഓഫിസ് എന്നാണ് അനങ്ങിത്തുടങ്ങിയത്? ദിവസേനയുള്ള പത്രസമ്മേളനവും പ്രസ്താവനയുമല്ലാതെ ഒന്നും നടക്കുന്നില്ല. ദുരിതാശ്വാസ ക്യാംപുകൾ പിടിച്ചെടുത്തു രാഷ്ട്രീയമായ നേട്ടം കൊയ്യാൻ സിപിഎം ശ്രമം തുടങ്ങി.

സന്നദ്ധ സംഘടനകൾ നൽകുന്ന സാധനങ്ങൾക്കു പുറത്ത് പാർട്ടിയുടെ ലേബൽ പതിക്കുന്നു. പല ക്യാംപുകളിലും ഇത് അസ്വസ്ഥതകൾക്കും സംഘർഷങ്ങൾക്കും കാരണമായി. വിദേശത്തു നിന്നും അയയ്ക്കുന്ന സാധനസാമഗ്രികൾ വിമാനത്താവളങ്ങളിൽ പിടിച്ചിടുന്ന സ്ഥിതി വരെ സംജാതമായി. സഹായം സർക്കാർ മുഖേന മതിയെന്നാണു വിശദീകരണം.

കേന്ദ്രത്തിന്റെ വർധിച്ച സഹായം കൂടിയേ തീരൂ. വിദേശസഹായത്തിനുള്ള തടസങ്ങൾ നീക്കണം.

പുരകത്തുമ്പോൾ വാഴ വെട്ടുന്നതു പോലെ ഓണദിനത്തിൽ എല്ലാ ബവ്റിജസ് ഷോപ്പുകളും അടച്ചിട്ടിട്ടു ബാറുകൾക്കു പ്രവർത്തിക്കാൻ അനുമതി നൽകിയെന്നും രമേശ് ചെന്നിത്തല പറഞ്ഞു.